കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് വക കിണർ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് സ്ഥലവും സ്വകാര്യ ഭൂമിയും പരസ്പരം കൈമാറുന്നതിന് അനുവദിച്ച് പുറപ്പെടുവിച്ച സ.ഉ. (സാധാ) നം. 450/14/തസ്വഭവ നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 3601/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 2.12.2015.

പരാമർശം :

1. സ.ഉ. (സാധാ) നം. 450/2014/തസ്വഭവ തീയതി 18.2.2014.
2. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീ. മുഹമ്മദ് പി. എന്ന ബാപ്പൂട്ടി മുതലായ 7 പേർ 10.7.2014-ൽ സമർപ്പിച്ച പരാതി.
3. മലപ്പുറം ജില്ലാ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.9.2014-ലെ ഡി11-15637/14 നമ്പർ കത്ത്.
4. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണ റിപ്പോർട്ട്.

## ഉത്തരവ്

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് വക ഉപയോഗരഹിതമായ കിണർ സ്ഥിതി ചെയ്യുന്ന തൃക്കലങ്ങോട് വില്ലേജ് സർവ്വെ നം. 102/3 സി (റീ സർവ്വെ നം. 1/9)ൽപ്പെട്ട 1.5 സെന്റ് സ്ഥലവും കിണറും ശ്രീമതി. നഫീസാ ചാത്തോലിയുടെ ഉടമസ്ഥതയിലുള്ള ടി വില്ലേജ് മുൻ സർവ്വെ നം. 129/1 (റീ സർവ്വെ നം. 8/1)ൽപ്പെട്ട 2.50 സെന്റും അതിലേക്കുള്ള 4 അടി വീതിയുള്ള വഴിയുമുൾപ്പെടെയുള്ള സ്ഥലവും പരസ്പരം കൈമാറുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

എന്നാൽ ടി ഭൂമികളുടെ പരസ്പര കൈമാറ്റം പഞ്ചായത്തിന് വൻ നഷ്ടം ഉണ്ടാകുന്നതാകയാൽ 18.2.2014-ലെ സർക്കാർ ഉത്തരവ് പുന:പരിശോധിക്കണ-മെന്നാവശ്യപ്പെട്ട് പഞ്ചായത്ത് മെമ്പർമാരായ ശ്രീ. പു. മുഹമ്മദ് മുതൽ 7 പേർ പരാമർശം (2) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ മലപ്പുറം ജില്ലാ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയതിൽ ഇക്കാര്യത്തിൽ സർക്കാർ തെറ്റിദ്ധരിപ്പിക്കപ്പെട്ടതാണെന്ന് പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ്, ഹെഡ്ക്വാർട്ടേഴ്സ് വിഭാഗം നടത്തിയ പരിശോധനയിൽ 18.2.2014-ലെ ഉത്തരവ് റദ്ദ് ചെയ്യാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

......2/-

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് വക സർവ്വെ നം. 102/3 സി (റീ സർവ്വെ നം. 1/9)ൽപ്പെട്ട 1.5 സെന്റ് സ്ഥലവും കിണറും, ശ്രീമതി. നഫീസാചാത്തോലിയുടെ ഉടമസ്ഥതയിലുള്ള സർവ്വെ നം. 129/1 (റീ സർവ്വെ നം. 8/1)ൽപ്പെട്ട 2.50 സെന്റും അതിലേക്കുള്ള 4 അടി വീതിയുള്ള വഴിയും പരസ്പരം **കൈമാറുന്നതിന്** അനുവാദം നൽകി പുറപ്പെടുവിച്ച 18.2.2014-ലെ സ.ഉ.(സാധാ) നം. 450/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറർ, മലപ്പുറം ജില്ലാ,
സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം- 676127.
ശ്രീമതി. ചാത്തോലി നഫീസാ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
പ്രിൻസിപ്പൽ എ.ജി. (ഓഡിറ്റ്) കേരളാ, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ &എ) കേരളാ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ ഓഡിറ്റ്. ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.